രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട് പിൻവലിച്ച കേസ്സുകൾ

29 (308) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ആരൊക്കെ പ്രതികളായിട്ടുള്ള കേസുകളാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കൊലപാതക കേസുകൾ

30 (310) ശ്രീ. എം. മുരളി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പേർ കൊല്ലപ്പെട്ടു;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടിക്കാൻ കഴിഞ്ഞു;

(സി) 2007, 2008, 2009, 2010 നവംബർ 30 വരെ യഥാക്രമം എത്ര കൊലപാതകങ്ങളാണ് നടന്നത് എന്ന് പറയുമോ?

ഉത്തരം

(എ) 1751 പേർ കൊല്ലപ്പെട്ടു.

(ബി) 1507 കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്.

(സി) 2007-ൽ 387-ഉം, 2008-ൽ 383-ഉം, 2009-ൽ 364-ഉം, 2010 നവംബർ 30 വരെ 332-ഉം കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

കൊലപാതക കേസുകളിലെ പ്രതികൾ

31 (311) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് നടന്ന കൊലപാതകക്കേസുകളിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; ഇനിയും എത്ര കേസുകളിലെ പ്രതികളെ പിടികൂടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ നടന്ന എത്ര കവർച്ചാ കേസുകളിൽ പ്രതികളെ പിടികൂടിയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3087 പ്രതികളെ പിടികൂടിയിട്ടുണ്ട്. ഇനിയും 95 കേസുകളിലെ പ്രതികളെ പിടികൂടാനുണ്ട്.

(ബി) 2880 പ്രതികളെ പിടികൂടിയിട്ടുണ്ട്.

ക്രൈംബ്രാഞ്ചിന് കൈമാറിയ 152/09 നമ്പർ കേസ്

32 (314) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്രൈംബ്രാഞ്ചിന് കൈമാറിയ കരമന പോലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 152/09 കേസിന്റെ അന്വേഷണ പുരോഗതി എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത കേസ് അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറി തിരുവനന്തപുരം യൂണിറ്റിൽ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ഈ കേസിൽ കൊല്ലപ്പെട്ട പ്രസാദിന്റെ 'ഫോൺ കാൾ ഡീറ്റെയിൽസ്' എടുത്തും ടിയാനുമായി ബന്ധപ്പെട്ടവരെക്കുറിച്ച് അന്വേഷിച്ചും സാക്ഷികളെ കണ്ടുചോദിച്ചും അന്വേഷണം നടത്തി വരികയാണ്. നാളിതുവരെ ആരാണ് പ്രസാദിനെ കൊലപ്പെടുത്തിയതെന്നതിനെ കുറിച്ച് വ്യക്തമായ സൂചനയൊന്നും ലഭിച്ചിട്ടില്ല.

കേന്ദ്ര കവർച്ചകൾ

33 (315) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങളിൽ കവർച്ച നടന്നിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) നടന്ന കേന്ദ്ര കവർച്ചകളിൽ എത്രയെണ്ണം തെളിയിക്കപ്പെട്ടിട്ടുണ്ട്;

(ഡി) കേന്ദ്ര കവർച്ചകൾ തടയുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് സിറ്റിയിലെ ഒരു കേന്ദ്രത്തിൽ ഒരു കവർച്ച നടന്നിട്ടുണ്ട്. നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം 224/08 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള ടി കേസ് തെളിയിക്കപ്പെട്ടിട്ടുണ്ട്.

(ഡി) സ്പെഷ്യൽ ടെമ്പിൾ ആന്റി തെഫ്റ്റ് സ്കാഡ് എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം ക്രൈം ബ്രാഞ്ചിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര മോഷണങ്ങൾ അന്വേഷിക്കുന്നതിനായി എ.ഡി.ജി.പി.(ക്രൈംസ്), ഐ.ജി.പി (ക്രൈംസ്) എന്നിവരുടെ നേതൃത്വത്തിലുള്ള Temple Theft Investigation Special Team-ഉം നിലവിൽ ഇത്തരം കേസുകൾ അന്വേഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly